**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 559** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ബോർഡ് ഇതിനോടകം 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കിഫ്ബിയിലേക്ക് ഇതുവരെ എത്ര രൂപ ഏതൊക്കെ തരത്തിൽ സമാഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കിഫ്ബി നാളിതുവരെ വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വായ്പാ ഇനത്തിൽ എത്ര രൂപ കിഫ്ബിയിലേക്ക് സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ തിരിച്ചടച്ചുവെന്നും വ്യക്തമാക്കാമോ; എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വായ്പകൾ, കടപ്പത്രങ്ങൾ എന്നിവയിലൂടെ കിഫ്ബി 21,308.77 കോടി രൂപ ഇതിനോടകം തന്നെ ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിൽ 17,677.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിനോടകം ആകെ 779.32 കോടി രൂപ വായ്പകളിൽ തിരിച്ചടച്ചിട്ടുണ്ട്. 22806.18 കോടി രൂപ പദ്ധതികളിലേക്ക് ചെലവഴിച്ചിട്ടുണ്ട്. (31.01.2023 ലെ കണക്കുകൾ പ്രകാരം). |
| (ഡി) | കിഫ്ബി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | നിലവിൽ 74009.55 കോടിയിൽപരം രൂപയുടെ 993 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിനു നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും |

| | | | |
|---|---|---|---|
| | | | കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറീ കമ്മീഷൻ (FTAC) സർക്കാരിനു മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേക്ക് നിർദ്ദേശിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 559

## 02-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കിഫ്ബി ധനസമാഹരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ മന്ത്രി) |

## മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 02.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 559 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

ജോയിന്റ് സെക്രട്ടറി

559

**അനുബന്ധം**

31.01.2023 തീയതിയിലെ കണക്കുകൾ പ്രകാരം.

| ധനസമാഹരണം | തുക (കോടി രൂപ) |
|---|---|
| വായ്പ്പകളും കടപ്പത്രങ്ങളും മുഖേന ധനവിപണിയിൽ നിന്നും | 17,677 |
| സീഡ് ക്യാപ്പിറ്റൽ ഫണ്ട് സർക്കാരിൽ നിന്നും | 2,498 |
| MVT, Cess വിഹിതം & Grant - കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും | 12,606 |
| വരുമാനദായകമായ പദ്ധതികളിൽ നിന്നും വായ്പ തിരിച്ചടവായി | 762 |
| ആകെ ധനസമാഹരണം | 32,781 |